ഇസ്‌ലാമിലെ
വൻമല
ഇടശ്ശേരി

# ഇസ്‌ലാമിലെ വൻമല

നൂറുശതമാനം ഞാനൊരാര്യ-
ക്കൂറും കുടുമയുമുള്ള ഹിന്ദു
പയ്യിലും പാമ്പിലും കാവുതോറും
കല്ലിലും കാണ്മൂ ഞാനീശ്വരനെ
കാഫിറെന്നെന്നെ വിളിച്ചവരെ
കാതു കുത്താത്തോരനാര്യൻമാരെ
ഞാനെന്നുമെന്നുമെതിർത്തിടേണം
ചായത്തുണിക്കാരെത്തൊടിക്കാരെ
കേരളത്തിന്റെ വെളുവെളുപ്പിൽ
കാർമഷി വീഴ്ത്തിയോരാണു നിങ്ങൾ
കേരളത്തിന്റെ വെളുവെളുപ്പിൽ
ചോരച്ചുകപ്പും കലർത്തി നിങ്ങൾ
നിങ്ങൾക്കും ഞങ്ങൾക്കും മാപ്പിളാരേ,
സംഗരത്തിന്നല്ലോ സംഗതികൾ!

രണ്ട്: മുപ്പതിലേറെക്കഴിഞ്ഞു കൊല്ലം
മുറ്റുമിക്കുഗ്രാമമിന്നു മാറി
ഗ്രാമച്ചെറുപള്ളിക്കൂടവുമ-
പ്പൂളമരവുമില്ലിന്നവിടെ
ഞാവൽപ്പഴങ്ങൾ പെറുക്കിത്തിന്നും
മാവിനെറിഞ്ഞും വെടി പറഞ്ഞും
ആനന്ദത്തിന്റെയിരുചിറകായ്
ഞാനുമലവിയും തോളുരുമ്മി
ഉച്ചയ്ക്കു ചുറ്റി നടന്നിരുന്ന
പച്ചത്തണലുകളില്ലവിടെ
പൊന്തിയ മേടകളിന്നുള്ളേടം
ശാന്തി വിളഞ്ഞു കിടന്ന പാടം.

മൂന്ന്: പത്തുമണിയ്ക്കു തുടങ്ങി പാഠം
ശ്രദ്ധിച്ചു ഞങ്ങളടുത്തിരുന്നു
പദ്യമുരുവിട്ടു പാഠം ചൊല്ലി
പാവമാമാട്ടിൻ കഥ പറഞ്ഞു
ഇത്തിരിയന്യോന്യം കട്ടു നോക്കി-
പ്പുത്തൻ കണക്കുകൾ ചെയ്തു തീർത്തു
എന്നിട്ടുമുച്ച വരാഞ്ഞു ഞങ്ങ-
ളന്യോന്യം നുള്ളിയുറക്കുണർത്തി
വേണ്ടില്ലാ കേളിയ്ക്കാണിമ്പമെങ്കിൽ
മണ്ടാമെന്നുച്ച മണിയടിച്ചു.

നാല്: ചെത്തിന്നരുപ്പറ്റി മൂക്കുകുത്തി
നില്പായി നിശ്ചലം കാളവണ്ടി
നീല നിഴലിൽക്കിടന്നു വെള്ള-
ക്കാളകൾ മന്ദമയവിറക്കി
'വേണ്ടുക' കാട്ടാൻ സരസതയിൽ
വണ്ടിക്കാർ തമ്മിൽത്തെറി പറഞ്ഞു
കത്തും വെയിലിൽ നിലാവിൽപ്പോലെ
തത്തിക്കളിച്ചെത്തും കൂട്ടരൊപ്പം
നെല്ലിയ്ക്കയ്ക്കേറെപ്പറക്കു ചൊല്ലി
വെള്ളം പകരുന്ന മുത്തശ്ശിയെ,
മൂക്കത്തരിമ്പാറ കേറി നിന്നു
മുക്രയിടുന്നോരു മുത്തശ്ശിയെ
ശുണ്ഠി പിടിപ്പിച്ചും കൂക്കിയാർത്തും
കൊണ്ടു നടന്നുപോയ് ഞങ്ങൾപിന്നെ.

അഞ്ച്: കുഞ്ഞലവിയ്ക്കൊരു ബാപ്പയുണ്ടേ
ചായക്കടക്കാരൻ മൊയ്തീൻകുട്ടി
മഞ്ഞമധുരപ്പഴക്കുലകൾ
തൂങ്ങുന്ന ചായക്കടയ്ക്കുടമ
കുഞ്ഞലവിയ്ക്കെഴും പെറ്റൊരുമ്മ
കുഞ്ഞിപ്പാത്തുമ്മയുമുണ്ടവിടെ
പത്തിരിയുണ്ടാക്കി കാപ്പികാച്ചി-
ക്കാത്തിരിപ്പാണല്ലോ കൊച്ചുമോനെ
സ്നേഹിതൻ കേറുമപ്പീടികയിൽ
ഞാനപ്പോൾ പൂളച്ചുവട്ടിൽ നില്ക്കും.
മാന,ത്തിലയറ്റ കൊമ്പുകളിൽ
മാൺപിൽ വിടർന്നു ചുകന്ന പൂക്കൾ
താഴെപ്പതിയ്ക്കേ, യവയ്ക്കിടയിൽ
നൂണു പറക്കും കറുപ്പുകളെ
കല്ലെറിയുന്ന പണിത്തിരക്കിൽ
ചെല്ലുമേ കൺകൾ പഴക്കുലയിൽ.
ആറ്: ഓടിവരുന്നുണ്ടെൻ കൂട്ടുകാരൻ
ഒടുവിലെയപ്പം ചവച്ചുകൊണ്ടേ
ഓടി വരുന്നുണ്ടുടുതുണിയി-
ലൊന്നുരണ്ടോമൽ പഴം തിരുകി
ബാപ്പയെപ്പറ്റിച്ചു പോരും പോക്കിൽ-
ക്കട്ടെടുത്തോരു പഴം തിരുകി.
നാളേറെപ്പോകെയൊരു ദിവസം
കോളായി,കള്ളി പൊളിഞ്ഞു പോയി.
"ആർക്കു കൊടുക്കുവാൻ കട്ടുനീ" യെ-
ന്നാർക്കുന്നു രുഷ്ടനായ് മൊയ്തീൻകുട്ടി.
മൈലാഞ്ചി തേച്ചു ചുകന്ന താടി
കോപം കൊണ്ടേറെ ചുകന്നു തോന്നി
ഉന്തിവളഞ്ഞോരാക്കൂറ്റൻ മൂക്കോ
പൊന്തി വളവതായ്ത്തോന്നീ വീണ്ടും.
തുള്ളിപ്പിടയുന്നു കുഞ്ഞലവി
ചുള്ളലിൻ ചൂളത്തിനൊത്തുതന്നെ
ചൂഴുന്ന കാണികൾ മറ്റു പിള്ളർ
ചുളുന്നിതോരോ പിടപിടയ്ക്കേ.
"ആർക്കു കൊടുക്കുവാൻ കട്ടുനീ" യെ-
ന്നാർക്കുന്നൂ രുഷ്ടനായ് മൊയ്തീൻകുട്ടി
ഇപ്പോഴേയെൻപേർ പുറത്തു ചാടു-
മിപ്പോഴെൻ മാനമിടിഞ്ഞു താഴും
നൂറു ശതമാനം ഞാനൊരാര്യ-
ക്കൂറും കുടുമയുമുള്ള ഹിന്ദു

## ഇസ്‌ലാമിലെ വൻമല ഇടശ്ശേരി

ആകെത്തരിച്ചുപോയ് വീർപ്പടഞ്ഞു
വേകുമെനിയ്ക്കു തല തിരിഞ്ഞു
അത്തളിർച്ചുണ്ടൊന്നനങ്ങിയില്ല;
പൊത്തിയമർത്തി, അതെന്റെ നാമം
നൂറു ശതമാനമെന്റെ മിത്രം
കൂറും പെരുമയുമുള്ള മുസ്‌ലിം
തുള്ളിപ്പിടഞ്ഞിതവന്റെ ദേഹം,
ഉള്ളമോ വൻമല പോലെ നിന്നൂ

ഏഴ്: നൂറു ശതമാനം ഞാനൊരാര്യ-
ക്കൂറും കുടുമയുമുള്ള ഹിന്ദു
മാപ്പിളേ,നീയെന്നലവിയെങ്കിൽ-
ത്തോളിൽക്കയ്യിട്ടു നടന്നുകൊള്ളൂ.

കാഫിറെന്നെന്നെ വിളിച്ചു കൊള്ളൂ
കാതു കുത്താതെ കഴിഞ്ഞുകൊള്ളൂ
നൂറു ശതമാനം മുസ്‌ലിം ധർമ്മ-
ക്കൂറും പെരുമയും വച്ചുപോറ്റൂ.
നമ്മൾക്കു മുമ്പോട്ടു മുമ്പോട്ടു പോയ്
നൻമയോ തിൻമയോ നേടാമൊപ്പം.
കേരളത്തിന്റെ വിളർപ്പു മാറ്റി-
ച്ചേരട്ടെ വർണ്ണ ശബളതകൾ.
കൂറും പൊരുത്തവുമൊത്ത നമ്മൾ
തോളിൽക്കയ്യിട്ടേ നടന്നുകൂടൂ.